**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 901** **29/09/2011 -ൽ മറുപടിക്ക്**

**സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മുൻ വർഷത്തെ അപേക്ഷിച്ച്, 2011-12 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സർക്കാർ - എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ എത്ര കുറവ് വന്നിട്ടുണ്ട് ; | (എ) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സർക്കാർ സ്കൂളുകളിൽ 28970 വിദ്യാർത്ഥികളുടേയും എയിഡഡ് സ്കൂളുകളിൽ 53948 വിദ്യാർത്ഥികളുടേയും കുറവ് വന്നിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കൂളുകളുടെ ആധിക്യം, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകളുടെ വർദ്ധനവ്, സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യമില്ലായ്മ, ജനസംഖ്യാവളർച്ചാ നിരക്കിൽ വന്നിട്ടുള്ള കുറവ് എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് ഉണ്ടാവാൻ കാരണമായിട്ടുണ്ട്. |
| (സി) അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ മേഖലയിലെ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) സ്കൂൾ അന്തരീക്ഷം ആകർഷണീയമാക്കിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തിയും സർക്കാർ/എയ്ഡഡ് മേഖലകളിലെ സ്കൂളുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ